സ്വപ്നവും യാഥാർഥ്യവും തമ്മിലുള്ള അതിർവരമ്പുകൾ തിരിച്ചറിയാനാവാതെ പോകുന്ന നിമിഷങ്ങൾ ജീവിതത്തിൽ ഉണ്ടാവാറില്ലേ?
കൂടെയുള്ള മാനേജരുടെ നിർബന്ധത്തിൽ ടിബി ഗ്രൂപ്പിൽ ചേരുക, മീറ്റിന് ഭാര്യയെയും കൂട്ടി പോകാൻ ടിക്കറ്റും റൂമും മാനേജർ തന്നെ ബുക്ക് ചെയ്യുക, പോകാൻ സമയത്ത് ഭാര്യക്ക് യാത്ര ചെയ്യാൻ കഴിയാതെ വരുക, മാനേജരുടെ നിർബന്ധത്തിൽ ഒറ്റക്കാണെങ്കിലും മീറ്റിൽ പങ്കെടുക്കുക, അവിടെ ഒരു പരിപാടി അവതരിപ്പിക്കുക, അതിഷ്ടപ്പെട്ട കുറേ പേർ നേരിട്ട് അഭിനന്ദിക്കുക, അവിടെ നിന്നും സംഘടിപ്പിച്ച മൊബൈൽ നമ്പറിൽ ഒരു വലിയ കലാകാരൻ വിളിക്കുക, ഒരു ചാനൽ പരിപാടിയിലേക്ക് പോകാൻ നിർദേശിക്കുക, അവിടെ തെരഞ്ഞെടുക്കപ്പെടുക, ഒടുവിൽ അതിലൂടെ ജനലക്ഷങ്ങളിലേക്കെത്തുക....
ഇതെല്ലാം ഒരു ചെറിയ കാലയളവിനുള്ളിൽ,
ഒന്ന് കണ്ണ് ചിമ്മി തുറന്ന പോലെ...
സ്വപ്നം അല്ല ഇതെന്ന് തിരിച്ചറിയുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത സന്തോഷം.
ടിബി മീറ്റിൽ ചിരിയുടെ പൂത്തിരി കൊളുത്തിയ ആ കലാകാരൻ ഇവിടെ എത്തുന്നു ഈ ദളത്തിലൂടെ..
വിഘ്നേഷ് സായി നാരായൺ,
ഫെഡറൽ ബാങ്ക്,
മാറമ്പള്ളി ശാഖ.
തിരുവനന്തപുരം സ്വദേശികളായിരുന്നു വിഘ്നേഷിന്റെ മാതാപിതാക്കൾ. ഹൈക്കോടതിയിൽ അഭിഭാഷകനായ അച്ഛൻ ശ്രീ മഹേഷിനൊപ്പം കുടുംബജീവിതം മുന്നോട്ട് കൊണ്ടുപോകാനാണ് ഫെഡറൽ ബാങ്കിൽ സീനിയർ മാനേജർ ആയിരുന്ന ശ്രീമതി വാണി തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് സ്ഥലം മാറ്റം വാങ്ങി കുട്ടികൾക്കൊപ്പം വന്നത്. എന്നാൽ ഒരു ദശാബ്ദം പൂർത്തിയാക്കും മുൻപ് കാലം അമ്മയെ കാണാമറയത്തേക്ക് കൂട്ടിക്കൊണ്ട് പോയി. വിഘ്നേഷിന്റെയും അനുജൻ ദേവർഷിന്റെയും കുട്ടിക്കാലം അമ്മക്കൊപ്പം തിരുവനന്തപുരത്തായിരുന്നു. അവിടെ ശ്രീചിത്ര തിരുനാൾ സെൻട്രൽ സ്കൂളിൽ നിന്നും തൃപ്പൂണിത്തുറ ചിൻമയയിൽ വിഘ്നേഷ് എത്തുന്നത് ഏഴാം ക്ലാസ്സിലേക്കാണ്. 12 വരെ അവിടെ, തുടർന്ന് തിരുവനന്തപുരം ലോ അക്കാദമിയിൽ ബിരുദപഠനം. വിഘ്നേഷിന്റെ അച്ഛൻ കേരളത്തിലെ ആന ഉടമകളുടെ സംഘടനയുടെ അഭിഭാഷകൻ കൂടി ആയിരുന്നു. ആ വഴിക്ക് ജയറാമുമായി കുടുംബത്തിന് ചെറിയ അടുപ്പമുണ്ടായിരുന്നത് സിനിമയുടെയും മിമിക്രിയുടെയും ആരാധകനാക്കി മാറ്റിയിരുന്നു വിഘ്നേഷിനെ. കുട്ടിക്കാലത്തെ ഹീറോ ആയ സുരേഷ് ഗോപിയെ അനുകരിച്ചായിരുന്നു മിമിക്രിയുടെ തുടക്കം. ആദ്യ വേദിയിൽ മിമിക്രി അവതരിപ്പിക്കും മുൻപ് ഫോണിൽ അനുഗ്രഹം വാങ്ങിയത് ജയറാമിൽ നിന്നും.

എൽ എൽ ബി രണ്ടാം വർഷം പഠിക്കുമ്പോഴാണ് അമ്മയുടെ വിയോഗം. അച്ഛന്റെ വഴിയിൽ അഭിഭാഷകൻ ആകാൻ മോഹിച്ച വിഘ്നേഷിനെ ബാങ്ക് ജോലി തേടിയെത്തുകയായിരുന്നു.
അമ്മയോടുള്ള ആദരവ്, ബാങ്കിനോടുള്ള സ്നേഹം, വിഘ്നേഷ് ബാങ്ക് വഴി തെരഞ്ഞെടുത്തു. വിഘ്നേഷിന് പഠനം പൂർത്തിയാക്കാൻ ബാങ്ക് അവസരവും നൽകി. 2019ൽ ഫെഡറൽ ബാങ്കിന്റെ മാറമ്പള്ളി ശാഖ വഴി ഔദ്യോഗിക ജീവിതത്തിന് തുടക്കമായി.
അമ്മയുടെ ഔദ്യോഗിക കാലത്ത് ഫെഡറൽ ബാങ്കിന്റെ ഒരു കുടുംബസംഗമവേദിയിൽ ആണ് വിഘ്നേഷ് ആദ്യമായി തന്റെ പ്രകടനങ്ങൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നത്. നിറഞ്ഞ കയ്യടിയോടെ ജനം അത് സ്വീകരിച്ചു, പോരാത്തതിന് അമ്മയുടെ നിറഞ്ഞ പ്രോത്സാഹനവും. പിന്നെ പല വേദികളിൽ വിഘ്നേഷ് തന്റെ ശബ്ദവിസ്മയങ്ങൾ പുറത്തെടുത്തു. പ്ലസ് വണ്ണിന് പഠിക്കുന്ന കാലത്ത് നടൻമാർ ബാങ്കിലെ ജീവനക്കാരും ഇടപാടുകരും ആവുന്ന പരിപാടി അവതരിപ്പിച്ച് വിഘ്നേഷ് അസൂയാവഹമായ പ്രകടനം കാഴ്ച വച്ചു.
പ്ലസ് ടുവിന് പഠിക്കുമ്പോൾ സ്വന്തമായി എഴുതിയ സ്ക്രിപ്റ്റിൽ ലീഡ് റോൾ കളിച്ച് സ്കിറ്റിന് സമ്മാനം വാങ്ങുമ്പോൾ അമ്മ തിരിച്ചറിഞ്ഞത് വിഘ്നേഷിന്റെ സ്ക്രിപ്റ്റിങ്ങിലെ മികവ് ആണ്. എം ടി യുടെ തിരക്കഥകൾ അടങ്ങിയ പുസ്തകമാണ് പിന്നീട് അമ്മ വിഘ്നേഷിന് സമ്മാനം നൽകിയത്.
അത് വിഘ്നേഷിലെ തിരക്കഥാകൃത്തിനെ തൊട്ടുണർത്തി. ചെറിയ ഒരു ഷോർട്ട് ഫിലിം അക്കാലത്ത് ചെയ്തുവെങ്കിലും അത് പുറത്തിറക്കാൻ കഴിഞ്ഞില്ല.
നിയമപഠനകാലമായിരുന്നു വിഘ്നേഷിന്റെ കലാപ്രവർത്തനങ്ങളിലെ സുവർണകാലം. മിമിക്രിക്ക് അത്ര വലിയ പ്രാധാന്യം നൽകാൻ തയാറാകാത്ത അവിടത്തെ പ്രിൻസിപ്പളും ടീവി അവതാരകയുമായ ലക്ഷ്മി നായർ പോലും തന്നെ മിമിക്രി കണ്ട് അഭിനന്ദിച്ചത് മറക്കാനാകില്ല എന്ന് വിഘ്നേഷ്.
അവിടത്തെ അധ്യാപകരെ പോലും അനുകരിക്കാനും അവരുടെ അംഗീകാരം നേടാനുമായത് കലയുടെ പുണ്യം. കോളേജിലെ ഒരു സെമിനാർ സെഷനിൽ അധ്യാപകന്റെ ആവശ്യപ്രകാരം അദ്ദേഹത്തെ ഉൾപ്പടെ ചിലരെ അനുകരിച്ച് അഞ്ചിൽ അഞ്ച് മാർക്കും വാങ്ങിയ കഥ പറഞ്ഞപ്പോൾ വിഘ്നേഷിന്റെ സ്വരത്തിൽ സന്തോഷം നിറഞ്ഞ് തുളുമ്പി.
കോളേജിലെ ആദ്യ വർഷം മിമിക്രി മത്സരത്തിൽ സമ്മാനങ്ങൾ ഒന്നും നേടാനാവാതെ വന്നത് ആദ്യവർഷപഠനം കഴിഞ്ഞാൽ തിരുവനന്തപുരം വിടണം എന്ന ചിന്തയിൽ നിന്നും വിഘ്നേഷിനെ പിറകോട്ട് വലിച്ചു. ഇനി കലാരംഗത്ത് എന്തെങ്കിലും ഒക്കെ ആകണം എന്ന വാശി. ഇതിനിടെ മിമിക്രി കലാകാരി കൂടിയായ സഹപാഠി മനസ്സിൽ ഇടം നേടി. സ്റ്റേജ് പരിപാടികളിൽ നിന്നും ഒഴിഞ്ഞു നിന്ന അവൾക്ക് വേണ്ടി സ്ക്രിപ്റ്റ് തയാറാക്കുകയും കോളേജിന്റെ അൻപതാം വാർഷികത്തിന് ഒരു ടീമായി പങ്കെടുത്ത്

ശ്രദ്ധിക്കപ്പെടുകയും ചെയ്ത കഥ പറഞ്ഞപ്പോൾ മറ്റൊരു കഥ കൂടി പറയാൻ വിഘ്നേഷ് മടിച്ചില്ല.
ആ പെൺകുട്ടി ഇന്ന് ജീവിതത്തിലെയയും ടീമംഗം ആയി മാറിയ കഥ. പഠനവും കലയും പങ്കിട്ട അഡ്വക്കേറ്റ് ഗീതുകൃഷ്ണ 2021ൽ ജീവിതത്തിലും നിയമസാധുതയോടെ പാർട്ണർഷിപ്പ് ഡീഡിൽ ഒപ്പ് വച്ച് കൂടെ കൂടിയ കഥ.
2014ൽ പെൺകുട്ടികളുടെ വിഭാഗത്തിൽ കേരളസർവകലാശാല യുവജനോത്സവത്തിൽ മിമിക്രിയിൽ രണ്ടാം സമ്മാനം നേടിയ ഗീതു ഒരെഴുത്തുകാരി കൂടിയാണ്. സുഗതകുമാരി ടീച്ചറുടെ അനുഗ്രഹാശ്ശിസ്സോടെ ഒരു കഥാസമാഹാരം പുറത്തിറക്കിയ കഥാകാരി.
2019 ൽ ബാങ്കിൽ ജോലിക്ക് കയറിയതോടെ തന്റെ കലാപ്രവർത്തനങ്ങൾക്ക് ഒരു വിരാമം ആയി എന്ന തോന്നലോടെ ഇരിക്കുമ്പോൾ ആണ് 2021ൽ ടി ബി യുടെ ഗവേണിംഗ് ബോഡി അംഗം ശ്രീ ആനന്ദ് ആ ശാഖയിൽ മാനേജർ ആയി എത്തുന്നത്.
ആനന്ദ് ആണ് വിഘ്നേഷിന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ ടി ബി ഒരു വേദിയാകും എന്ന ചിന്ത ഉള്ളിൽ ഉണർത്തിയത്. അതാണ് മെയ് 13ന് വൈകുന്നേരം കോഴിക്കോട് ഗവണ്മെന്റ് ആർട്ട്സ് കോളേജിലെ വേദിയിൽ ചിരിമഴയായി പെയ്തിറങ്ങിയത്.
അവിടെ മിമിക്രി അവതരിപ്പിക്കുമ്പോൾ ഉള്ളിൽ നിറഞ്ഞുനിന്ന ആശങ്ക നിമിഷങ്ങൾക്കുള്ളിൽ ഉയർന്ന കയ്യടികളിൽ ഒലിച്ചു പോയി. പിന്നെ അടുത്ത് വന്ന് കൈ തന്നവർ, നല്ല വാക്ക് പറഞ്ഞ് ഊർജ്ജം തന്നവർ.
"ആ പ്രകടനം കണ്ട ഞാൻ അവനിൽ നല്ല ഒരു കലാകാരനെ കണ്ടു. പരിശീലനവും ആത്മവിശ്വാസവും ചേർത്ത് വച്ചാൽ അവന് കൂടുതൽ ഉയരങ്ങൾ താണ്ടാനാവും എന്നെനിക്ക് തോന്നി. ഞാൻ പിന്നീട് അവനെ വിളിച്ചു. അഭിനന്ദനങ്ങളും അഭിപ്രായങ്ങളും അറിയിച്ചു. കോമഡി ഉത്സവത്തിൽ പങ്കെടുക്കാൻ താല്പര്യം ഉണ്ടോ എന്ന് ചോദിച്ചു. ഉണ്ടെന്ന് പറഞ്ഞപ്പോൾ അതിലേക്കുള്ള തെരഞ്ഞെടുപ്പുന്റെ വിശദാംശങ്ങൾ നൽകി.
പിന്നീട് അവൻ തെരഞ്ഞെടുക്കപ്പെടുകയും പരിപാടി അവതരിപ്പിക്കുകയും ചെയ്തത് ചരിത്രം."
ഇത് പറയുന്നത് പ്രശസ്ത മിമിക്രി കലാകാരൻ ശ്രീ സതീഷ്.
സതീഷിന്റെ പ്രോത്സാഹനം കൈമുതലാക്കി കോമഡി ഉത്സവത്തിന് പോകുമ്പോൾ വല്ലാത്ത ആശങ്ക ആയിരുന്നു. നൂറോളം പേർ പങ്കെടുക്കുന്ന ഓഡിഷൻ. ആദ്യ റൗണ്ടിൽ പ്രകടനം കഴിഞ്ഞ് മാറ്റിനിറുത്തിയപ്പോൾ ആശങ്ക കൂടി. ഒടുവിൽ ഷൂട്ടിന് റെഡി ആകാൻ പറഞ്ഞപ്പോൾ ഉണ്ടായ സന്തോഷം അതിരറ്റതായിരുന്നു.
ജീവിതത്തിലെ ഈ നേട്ടങ്ങൾക്ക് കൂടെ നിന്ന കുടുംബം, ആനന്ദ് സാർ, സതീഷ് സാർ, കോമഡി ഉത്സവം ടീം, എല്ലാത്തിനും ഉപരിയായി നിറഞ്ഞ മനസ്സോടെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന ടി ബി ടീം, വിഘ്നേഷിന് വാക്കുകളില്ല.

ആനകളും, മേളവും സിനിമയും മിമിക്രിയും ഹരമായി കൊണ്ട് നടക്കുന്ന ഈ കലാകാരന് ശബ്ദാനുകരണകലയിൽ പുതിയ വാതിലുകൾ തുറന്ന് ഉയരങ്ങളിലേക്ക് പറക്കാൻ കഴിയട്ടെ എന്ന് ടി ബി കുടുംബം സ്നേഹപൂർവ്വം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ
English version: Drisya Saseendran , Union Bank of India, Regional Office, Udupi
അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

Haven't you crossed paths with moments when you were at a loss in taking cognizance of the confines that demarcates dream from reality?
From his manager working with him booking tickets and room for Vighnesh and and his wife to attend TB meet, his wife not being able to travel at that time, attending the event on his manager being so particular about ensuring his presence in the meet, being widely lauded for his performance at the event, an eminent artist ringing him up in the number he managed to collect from some body in the venue and advising him to participate in a famed programme aired on television, being privileged to get selected for performing in the same and had his name well known among lakhs of spectators; a trail of events ensued , all in a short span of time just in the likeness of glimpse of an eye.
Ecstacy takes charge of his mind on the realization that this is not just a dream.
The talented banker who made the viewers burst into laughter at the TB meet is the one whom we are about to spill ink on.
Vighnesh Sai Narayan,
Federal Bank,
Marampally branch.
Vighnesh was born to Mr Shri Mahesh, an advocate in High Court and Mrs Vani, a bank Officer who were both natives of Trivandrum. His mother who was working in Trivandrum requested for transfer to Ernakulam on spouse joining ground to take care of her family. However, not so long after, she passed away leaving Vighnesh in the dark.
Vighnesh and his brother Devarsh spent their childhood in Trivandrum with their mother. Vighnesh had his schooling in Sreechithra Thirunal Central School there, till he enrolled in Chinmaya school, Thrippunithura in his seventh grade where he studied till twelfth grade following which he graduated from Law Academy.
Vighnesh's father served as a lawyer for the Elephant Owners' Association of Kerala as well, through which he had developed ties with actor Jayaram's family.This made Vighnesh being so keen about cinema and mimicry. He imitated Suresh Gopi in his debut performance before which he took blessings from Jayaram over phone.
.
Vighnesh's mother passed away when he was pursuing the second year of LLB. He aspired to be a lawyer, following the path of his father.However,he revered banking as much as his mother and he chose banking as his career when he got his first appointment I'm the Marampally branch of the bank. Vighnesh got an opportunity to complete his studies after joining the bank.

Vighnesh's first performance before the public was at a family get-together function organized by Federal Bank during his mother's tenure at Office. which was wholeheartedly recognized by the viewers.
Vighnesh enacted on stage how it would look like, had the actors performed as if they are bank employees and customers.
Vighnesh's talent in scripting was discovered by his mother when he played the lead role centred around a script written on his own and bagged prize while studying in twelfth grade.She gifted him a book containing MT's screenplays which kindled the screenwriter in Vighnesh. He acted in a short film during that period, however it didn't come to limelight.
Even the principal of law college and anchor Ms. Lakshmi Nair, who never used to give much importance to mimicry praised his performance. Vighnesh considers it as a blessing to have imitated even the teachers there and gaining their recognition. Vighnesh reflected on his college days during which he got five out of five marks in a seminar session when at his teacher's request, he imitated him and some others.
Failing to win any prizes in the mimicry competitions conducted at college during his first year made Vighnesh back away from the thought of leaving Trivandrum after first year.He wanted to explore the art more. In the mean time, Vighnesh wrote a script for his classmate ,Geethu Krishna who was also a mimicry artist, but chose not to participate in any stage competition. They participated as a team in the fiftieth anniversary function of the college. In due course of time,she became the life partner of Vighnesh in 2021.
Geethu who won the second prize in the mimicry competition in girls' category at the Kerala University Youth Festival in 2014 is also a writer. She has published her book containing a collection of stories, and she still cherishes the blessings and wishes besowed to her by Ms Sugatha Kumari.
Mr. Anand, member of TB's governing body, joined as manager in the branch with Vighnesh in 2021, and inspired him to pursue his talent by makin him participate in the TB meet held in Government Arts College, kozhikode on May 13 where he got a huge round of applause for his performance.
Shri Satheesh, a widely known mimicry artist who realized about his prowess and strongly felt that Vighnesh would verily have a bright future ahead, contacted him and shared with him the details for participating in 'Comedy Utsavam' aired on the television. From among hundreds of people who were there for audition, Vighnesh got selected and his performance turned out to be a watershed in his artistic career.
Vighnesh thankfully remembers Shri Anand, Shri Satheesh and Team Comedy Utsavam for all his achievements.
May Vighnesh explore greater heights in the realm of mimicry in the days to come.